**SHC/OFFICE/78/2025-26** **Date : 05-01-2026**

# NOTICE

Attention Students: CH Muhammed Koya Scholarship for minority students for the academic year 2025-2026 has started. Eligible students are requested to submit online application before 09.01.2026. Students must submit hardcopy of application form along with required documents at Scholarship counter on or before 12.01.2026. Please visit www.mwdscholarship.kerala.gov.in for more details. For queries contact the scholarship section.

SACRED HEART COLLEGE AUTONOMOUS 1944 THEVARA, KOCHI-682013

**Dr. Biju C.S**
**Principal**
**Sacred Heart College (Autonomous)**
**Thevara, Kochi-682013**

# GUIDELINES FOR C.H. MUHAMMED KOYA SCHOLARSHIP 2025–26 (RENEWAL)

## Objective

To support the education of female students belonging to notified minority communities (Muslim, Christian [all sects], Sikh, Buddhist, Jain, and Parsi) studying in Government or Government-aided institutions in Kerala.

## The scholarship amount is as follows:

- ₹5,000 for graduate students
- ₹6,000 for postgraduate students
- ₹7,000 for students pursuing professional courses
- ₹13,000 for hostel stipend

## Eligibility Criteria

- The scholarship is open to female students belonging to notified minority communities studying in undergraduate, postgraduate, or professional courses.

- Students who have been awarded the Scholarship under the scheme in the previous years and continuing the course in the current academic year (2nd year, 3rd year & 4th year respectively) are eligible to apply.

- The applicant must be a permanent resident of Kerala.

- The annual family income of the parent/guardian from all sources should not exceed ₹8 lakh. (Preference will be given to BPL candidates.)

- Students staying in Govt./Govt approved institutions /University approved hostels are eligible to apply for the hostel stipend.

## How to Apply

1. Click on the link *www.mwdscholarship.kerala.gov.in*
2. Click on **"One-time registration."**
3. Login using username & password
4. Complete profile
5. Add qualification details
6. Click on Apply for scholarship.
7. Click on Final submit & download print

**Documents to be Submitted by Applicants**

- Printout of the online application registration form.
- Copy of the first page of the Bank Passbook in the applicant's own name (showing Name, Account Number, IFSC Code, and Branch Address).
- Copy of the mark list. If the mark list has not been received, an affidavit must be submitted.
- For hostel students: Certificate from the head of institution stating that the student is a hosteler.
- Income Certificate issued by the Village Officer

**Instructions for Heads of Institutions**

- The documents submitted by applicants must be verified online by the Head of the Institution or an officer designated by them (Verification).
- Applications that have been thoroughly verified must be approved online by the Head of the Institution (Approval).
- The Head of the Institution must verify the authenticity of all documents. If the previous year's examination results are not available,

an affidavit should be obtained and kept (sample affidavit attached).

- The Head of the Institution must ensure that all bank account details (Account Number, IFSC Code, Bank Name, and Branch) are correct. The Department will not be responsible for any rejection of scholarships due to incorrect details.

- Verification and approval of applications must be completed by the deadline specified in the notification.

- Government and Aided Institutions should retain the applications received in their institutions. These must be made available for inspection by the Minority Welfare Department whenever required.

Applications from students studying in self-financing institutions must be submitted by the Head of the Institution, either directly or by post, to: **The Director, Minority Welfare Department,4th Floor, Vikas Bhavan, Thiruvananthapuram – 695033.**

## The timeline for submission of applications is as follows:

| | |
|---|---|
| Last date for students to apply online | 9.01.2026 |
| Last date for submission of online registration printout and other related documents to the Head of Institution | 12.01.2026 |
| Last date for the Heads of Institutions to scrutinize the applications and give approval online | 14.01.2026 |
| Last date for the Heads of Institutions to send the approved applications to the Directorate of | 17.01.2026 |

| | |
|---|---|
| Minority Welfare,Thiruvananthapuram | |

SABIN SAMEED IAS

Director

Signed by
Sabin Sameed
Date: 17-12-2025 15:30:21

ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/1181/2025-S  തീയതി.17-12-2025

## 2025-26 സാമ്പത്തിക വർഷത്തെ സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (പുതിയത്) അപേക്ഷക്ഷണിച്ചു.

## വിജ്ഞാപനം

കേരളത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തരബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാവിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2025-26 സാമ്പത്തികവർഷം സി.എച്ച്.മുഹമ്മദ്കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. **മെറിറ്റ്സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്.**

ബിരുദ, ബിരുദാനന്തര, പ്രൊഫഷണൽ കോഴ്സുകളിൽ നിന്നും തെരഞ്ഞെടുക്കുന്ന 5000 വിദ്യാർത്ഥിനികൾക്ക് (Day scholars) പുറമെ 2000 ഹോസ്റ്റൽ വിദ്യാർത്ഥിനികൾക്ക് (hostelers) ഹോസ്റ്റൽ സ്റ്റൈപ്പൻഡായി 13,000 രൂപ (സ്കോളർഷിപ്പ് തുക ഉൾപ്പെടെ) അനുവദിക്കുന്നു. സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പന്റ് എന്നിവയുടെ എണ്ണവും, തുകയും ചുവടെച്ചേർക്കുന്നു.

| | | പ്രതിവർഷം |
|---|---|---|

Scanned with OKEN Scanner

| കോഴ്സ് | സ്കോളർഷിപ്പുകളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|
| ബിരുദം | 3000 | 5000/- രൂപ |
| ബിരുദാനന്തര ബിരുദം | 1000 | 6000/- രൂപ |
| പ്രൊഫഷണല് കോഴ്സ് | 1000 | 7000/- രൂപ |
| ഹോസ്റ്റല് സ്റ്റൈപ്പന്റ് | 2000 | 13000/- രൂപ |

കോഴ്സിന്റെ ആദ്യ വർഷത്തിൽ അപേക്ഷിക്കാൻ കഴിയാത്തവർക്ക് നടപ്പ അദ്ധ്യായന വർഷത്തിൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50% -ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/സർവകലാശാല അംഗീകൃത ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിനികൾ സ്ഥാപനമേധാവിയുടെ സർട്ടിഫിക്കേറ്റ് സഹിതം ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാവുന്നതാണ്. കുടുംബ വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷികവരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന).

അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.mwdscholarship.kerala.gov.in എന്ന വെബ്സൈറ്റിലെ സ്കോളർഷിപ്പ് ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 07.01.2026. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിൻറൗട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2300523, 0471 2300524, 0471-2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**അപേക്ഷിക്കേണ്ടരീതി:**

1. www.mwdscholarship.kerala.gov.in എന്ന വെബ്സൈറ്റിലെ "One-time registration." - ൽ ക്ലിക്ക് ചെയ്യുക.
2. യൂസർനെയിമും പാസ്സ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക
3. പ്രൊഫൈൽ പൂർണമായി രേഖപ്പെടുത്തുക
4. വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക

Scanned with OKEN Scanner

5. Apply for scholarship- ൽ ക്ലിക്ക് ചെയ്യുക.
6. Final submit & download print- യിൽ ക്ലിക്ക് ചെയ്യുക

**<u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>**

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ്ടു/വി.എച്ച്.എസ്.ഇ, ബിരുദം തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അലോട്ട്മെന്റ് മെമ്മോ - യുടെ പകർപ്പ്
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് **<u>(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം).</u>**
5. ആധാർ കാർഡിന്റെ പകർപ്പ്
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെപകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസിൽ നിന്ന്)
9. റേഷൻ കാർഡിന്റെ പകർപ്പ്
10. ഹോസ്റ്റൽ വിദ്യാർത്ഥിയാണെങ്കിൽ ഹോസ്റ്റലറാണെന്ന് തെളിയിക്കുന്ന രേഖയും, ഹോസ്റ്റൽ ഫീസ് സംബന്ധിച്ച രേഖയും

**<u>സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്</u>**

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോഅദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം. (Verification)
2. സൂക്ഷ്മപരിശോധന പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ മുഖേന അംഗീകരിച്ചിരിക്കണം. (Approval)
3. വരുമാന സർട്ടിഫിക്കറ്റ്, അലോട്ട്മെന്റ് മെമ്മോ എന്നിവ

Scanned with OKEN Scanner

അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കണം.

4. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പുവരുത്തണം.

5. ബാങ്ക് അക്കൗണ്ട് സംബന്ധമായ എല്ലാ രേഖകളും (Account No, IFSC Code, Bank with Branch Name(latest) ) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

6. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം.

7. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങൾ അവർക്ക് ലഭിക്കുന്ന അപേക്ഷകൾ അതതു സ്ഥാപനങ്ങളിൽത്തന്നെ സൂക്ഷിക്കേണ്ടതാണ്. ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പരിശോധനയ്ക്ക് ആവശ്യാനുസരണം ഇവ ലഭ്യമാക്കേണ്ടതാണ്.

8. സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ അപേക്ഷകൾ സ്ഥാപനമേധാവി നേരിട്ടോ തപാൽ മുഖാന്തരമോ ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് എത്തിക്കേണ്ടണ്ടതാണ്. വിലാസം. ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, നാലാംനില, വികാസ് ഭവൻ, തിരുവനന്തപുരം-33.

**<u>അവസാന തീയതി</u>**

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: 9.01.2026

2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി. 12.01.2026

3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. 14.01.2026

4. സ്വാശ്രയ സ്ഥാപനങ്ങൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. 17.01.2026

Scanned with OKEN Scanner

വിശ്വസ്തതയോടെ

SABIN SAMEED IAS

ഡയറക്ടർ

Signed by
Sabin Sameed
Date: 17-12-2025 12:05:27

Scanned with OKEN Scanner